# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## ഗവ. എൽ.പി.എസ് കിടങ്ങന്നൂർ

2025-2026



# ഉള്ളടക്കം


- ആമുഖം
- അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ
- വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങൾ
- വാർഷിക പ്ലാൻ
- ക്ലാസ്സ് 1
- ക്ലാസ്സ് II
- ക്ലാസ്സ് III
- ക്ലാസ്സ് IV
- ജലപാഠം – പ്രവർത്തിക്കുന്നതെങ്ങനെ
- ആരോഗ്യവേല - നേടേണ്ട ശേഷികൾ
- സാമൂഹിക സേവന ലക്ഷ്യങ്ങൾ
- ഉപസംഹാരം

# അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-26

സ്കൂളിന്റെ പേര് : ഗവ. എൽ.പി.എസ്. കിടങ്ങന്നൂർ

പോസ്റ്റ് ഓഫീസ് : നാൽക്കാലിക്കൽ

വിദ്യാഭ്യാസ ഉപജില്ല : ആറന്മുള

വിദ്യാഭ്യാസജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

ബ്ലോക്ക് പഞ്ചായത്ത് : പന്തളം

ഗ്രാമപഞ്ചായത്ത് : ആറന്മുള

ബ്ലോക്ക് റിസോഴ്സ് സെന്റർ : [illegible] ഗവ. എൽ.പി. എസ്, കിടങ്ങന്നൂർ

ഹെഡ്മിസ്ട്രസിന്റെ പേര് : സുനിമോൾ.കെ.കെ.

# ആമുഖം

പത്തനംതിട്ട റവന്യൂ ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ ആറന്മുള ഉപജില്ലയുടെ പരിധിയിൽ ഉൾപ്പെടുന്ന കിടങ്ങന്നൂർ ഗവ: എൽ.പി.എസ് എന്ന ഈ വിദ്യാലയം ആറന്മുള ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. കോഴഞ്ചേരി പന്തളം പാതയുടെ ഓരം പറ്റി നിൽക്കുന്ന ഈ വിദ്യാലയം ആറന്മുള BRC, 59-ാം നമ്പർ അംഗൻവാടി, വിമുക്തഭട ഭവൻ എന്നീ സ്ഥാപനങ്ങളുടെ സാമീപ്യം അലങ്കരിക്കുന്നു.

അതിപുരാതനമായ ഒരു വിദ്യാലയം ആണ് മാലാലുമൺ ഗവ: എൽ.പി.സ്കൂൾ. ഈ വിദ്യാലയത്തിന്റെ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം നടത്താൻ ഞങ്ങൾ ശ്രമിച്ചിരിക്കുന്നു. കൊല്ലവർഷം 1087-ൽ (1912) ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. വടക്കേ ആനിക്കാട് കരുണാകരൻ നായർ എന്ന മഹദ് വ്യക്തിയാണ് സ്കൂളിനുള്ള സ്ഥലം സംഭാവന നൽകിയത് എന്ന് കേട്ടറിയുന്നു. സർവ്വേ നമ്പർ Block No. II 460/6 പ്രകാരം 99 സെന്റ് സ്ഥലം സ്കൂളിന് സ്വന്തമായി ഇപ്പോൾ ഉണ്ട്. 1915-ൽ പൂർണ്ണ LP സ്കൂളായി അംഗീകരിക്കപ്പെട്ടു. 1917-ൽ 5,6 ക്ലാസ്സുകൾ അനുവദിക്കപ്പെടുകയും പിന്നീട് സർക്കാർ നിർദ്ദേശപ്രകാരം ഇല്ലാതാവുകയും ചെയ്തു. വി.പി.സ്കൂൾ കിടങ്ങന്നൂർ എന്ന് തുടക്കത്തിൽ അറിയപ്പെട്ട ഈ സ്കൂൾ 1942-ൽ എൽ.പി.സ്കൂൾ എന്നറിയപ്പെട്ടു. 1970-ൽ ഒരു പുതിയ കെട്ടിടം അനുവദിക്കപ്പെട്ടു. PTA-യും നാട്ടുകാരും സർക്കാരും ചേർന്ന് അത് പൂർത്തീകരിച്ചു. 1990-ൽ പഴയ ഓല മേഞ്ഞ കെട്ടിടം ഓടാക്കി മാറ്റി. 2005-ൽ ആ കെട്ടിടം ആറന്മുള ഗ്രാമപഞ്ചായത്ത് പുതുക്കി പണിതു. ആദ്യകാലം

മുതൽ തന്നെ ഇതൊരു Mixed School ആയിരുന്നു. ഇപ്പോൾ അനുബന്ധ CRC യും ഈ സ്കൂൾ തന്നെ.

മുൻകാലങ്ങളിൽ സർക്കാർ അനുവദിച്ച ഗ്രാന്റുകൾ സ്കൂൾ വികസനത്തിനുപയോഗിച്ചിരുന്നു. ജനകീയ ആസൂത്രണം നിലവിൽ വന്നതോടെ പഞ്ചായത്തിൽ നിന്നും പലപ്പോഴായി ലഭിച്ച ഫണ്ടുകൾ സ്കൂളിന്റെ അക്കാദമികവും, ഭൗതികവുമായ വികസനങ്ങൾക്ക് ഉപയോഗിച്ചു. തുടർന്ന് SSA പദ്ധതി പ്രകാരം ലഭിച്ച ഗ്രാന്റുകൾ ഇതിന്റെ നാനാമുഖമായ വികസനത്തിന് ആക്കം കൂട്ടി. 2004-ൽ കെട്ടിടം പുതുക്കി പണിതും 2005-ൽ കിണറിന്റെ ഇടിഞ്ഞുവീണഭാഗം മാറ്റി റിംഗ് ഇറക്കി ചുറ്റുമതിൽ നിർമ്മിച്ച് ഭംഗിയാക്കിയതും പഞ്ചായത്താണ്. 2006-2007 വർഷം പണിഞ്ഞ സ്റ്റോർ കം. കമ്പ്യൂട്ടർ റൂമും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ്.

## വിദ്യാലയ നേട്ടങ്ങൾ

1, ആകർഷണീയമായ സ്കൂൾ ക്യാമ്പസ്
2, പൂർവ്വവിദ്യാർത്ഥികളിൽ കൂടുതൽ പേരും വിദ്യാസമ്പന്നർ.
3, ആത്മാർത്ഥമായ അധ്യാപനം.
4, മികച്ച ഭൗതികസാഹചര്യം- കളിസ്ഥലം ഉൾപ്പെടെ.
5, നല്ല [illegible] പ്രവർത്തനങ്ങൾ
6, നല്ല ലൈബ്രറി
7, പാഠ്യേതര പ്രവർത്തനങ്ങൾക്ക് പരിശീലനം (BRC)
8, ഗണിത ശാസ്ത്രമേളകളിലെ പങ്കാളിത്തം.
9, PTA യുടെ പിന്തുണ.
10, റിസോഴ്സ് സെന്ററിന്റെ പിന്തുണ.

## പരിമിതികൾ

1, കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്
2, കമ്പ്യൂട്ടറുകളുടെ അപര്യാപ്തത.
3, വായനാമുറി, കമ്പ്യൂട്ടർ മുറി, ഊണുമുറി എന്നിവയുടെ അപര്യാപ്തത.
4, ചുറ്റുമതിലിന്റെ അപൂർണ്ണത.
5, സാമൂഹ്യവിരുദ്ധരുടെ ശല്യത്താൽ പല പ്രയാസങ്ങളും സൃഷ്ടി.

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ [2025-2026]

## അധ്യാപകർ

| No | പേര് | തസ്തിക | ജനന തീയതി | വിദ്യാഭ്യാസ യോഗ്യതകൾ | സർവ്വീസ് ദൈർഘ്യം | സ്വദേശം | വിലാസം |
|---|---|---|---|---|---|---|---|
| 1. | സുനിമോൾ.കെ.കെ | HM | 15.02.1973 | PDC; T.T.C | | ചങ്ങനാശ്ശേരി | വെട്ടിയിൽ മേലേത്തിൽ ഇലവുംതിട്ട പി.ഒ പത്തനംതിട്ട |
| 2. | സുവിത ആനന്ദ്.എസ് | LPST | 29.4.1987 | MA, BED T.T.C | | ആറാട്ട് | ദാർശനി ഭവനം മെഴുവേലി.പി.ഒ പത്തനംതിട്ട |
| 3. | അരുണിമ.ഡെ | LPST | 05.05.1987 | PLUS TWO T.T.C | | ഇട്ടിര | വൃന്ദ നിവാസ് ചേരപ്പള്ളി ചാങ്ങോട്.പി.ഒ; അരുനാട തിരുവനന്തപുരം |
| | | | | | | | |

## അനധ്യാപകർ

ജിജോ ജോസഫ് – PTCM

# വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

| ക്ലാസ്സ് | ജനറൽ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | ഒ.ബി.സി | | | ഒ.ഇ.സി. | | | ആകെ | | | പ്രത്യേക സഹായം ആവശ്യമുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | 1 | 0 | 1 | 3 | 4 | 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 4 | 8 | 0 | 0 | 0 |
| 2. | 0 | 1 | 1 | 0 | 1 | 1 | 0 | 0 | 0 | 0 | 2 | 2 | 0 | 0 | 0 | 0 | 4 | 4 | 0 | 0 | 0 |
| 3. | 1 | 1 | 2 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 0 | 0 | 0 | 3 | 1 | 4 | 0 | 0 | 0 |
| 4. | 1 | 4 | 5 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 6 | 1 | 7 | 0 | 0 | 0 |
| Total | 3 | 6 | 9 | 4 | 5 | 9 | 0 | 0 | 0 | 2 | 2 | 4 | 1 | 0 | 1 | 13 | 10 | 23 | 0 | 0 | 0 |

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങൾ

1) സ്കൂളിൽ ചേർന്നിരിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2) ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (LP, UP, HS, HSS) കുട്ടി നേടേണ്ട അറിവും കഴിവും ഉൾപ്പെടുത്തി രേഖയാക്കി അച്ചടിച്ച് രക്ഷാകർത്താക്കളെയും സമൂഹത്തെ അറിയിക്കും.

3) കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കും.

4) എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

5) 'ഹൈടെക്' ആക്കി പഠനസൗഹൃദമായി ഉന്നത നിലയിൽ സ്കൂൾ ഉയർത്തും.

6) ഭിന്നശേഷിക്കാരായ കുട്ടികളുടെ പങ്കാളിത്തം എല്ലാ മേഖലയിലും ഉറപ്പുവരുത്തും.

7) നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ പ്രാപ്തനാക്കും.

8) കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത പ്രതികരണശേഷിയും വളർത്തുക.

9) അന്തർദേശീയ നിലവാരമുള്ള ഭൗതിക സാഹചര്യം ഒരുക്കുക.

10) മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തും.

11) സ്കൂളിൽ ഹരിത പരിസരം സൃഷ്ടിക്കും.

# അക്കാദമിക പ്രവർത്തനങ്ങൾ

## ഭാഷാവികാസം

### 1. വിഷയം - മാതൃഭാഷ

#### ആമുഖം

"വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക" എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കുന്ന ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് അവരിൽ എഴുത്തും വായനയും ഒരു നവ്യാനുഭവമാക്കി മാറ്റണം. 1 മുതൽ 4 വരെയുള്ള കുട്ടികളുടെ ഭാഷാശേഷികൾ, സർഗാത്മകശേഷികൾ എന്നിവ SRG കൂടി തീരുമാനിച്ചു. വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

## ലക്ഷ്യങ്ങൾ

1. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വായനയിലും ലേഖനത്തിലും, സംഭാഷണം (ഭാഷാശേഷികൾ) വികസിപ്പിക്കുന്നതിന്.
2. സ്കൂൾപഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കുക
3. മലയാള ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക
4. കുട്ടിയെ മികച്ച വായനക്കാരനാക്കുക.
5. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
6. സർഗാത്മക ശേഷി വികസിപ്പിക്കുക.

# ക്ലാസ്സ്-I

# ഉള്ളടക്കം.


| നം | ഉള്ളടക്കം | പേജ്. |
| --- | --- | --- |
| 1. | പൊതുവിവരങ്ങൾ | 14 |
| 2. | ക്ലബ് പ്രവർത്തനങ്ങൾ. | 16 |
| 3. | മലയാളം:-<br>1. പദ്യരങ്ങ്<br>2. സംയുക്ത ഡയറി<br>3. വായനോത്സവം.<br>4. ഭാഷോത്സവം. | 17- 24 |
| 4. | ഇംഗ്ലീഷ് | 25 |
| 5. | പരിസരപഠനം | 29 |
| 6. | ഗണിതം. | 36 |
| 7. | പഠനോത്സവം. | 36- |

# പൊതുവിവരങ്ങൾ.

വിദ്യാലയത്തിന്റെ പേര് : ജി. എൽ. പി. എസ്, കിടങ്ങന്നൂർ.

ക്ലാസ് അധ്യാപികയുടെ പേര് : സുവിത ആനന്ദ്. എസ്

കുട്ടികളുടെ എണ്ണം : 18.

പ്രത്യേക പരിഗണന അവശ്യമുള്ളവർ : 0

# പൊതുവിവരങ്ങൾ.

വിദ്യാലയത്തിന്റെ പേര്: ജി.എൽ.പി.എസ് കിടങ്ങന്നൂർ.

ക്ലാസ് അധ്യാപികയുടെ പേര്: സുമിത മെനന്റ്. എസ്

കുട്ടികളുടെ എണ്ണം : 4

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : 0

[illegible]
[illegible]
[illegible]
[illegible]
[illegible]

# മലയാളം

## ആമുഖം:-

ആധുനിക കാലഘട്ടത്തിൽ ഏറ്റവും പ്രധാന ഒരു ഘടകമായ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ച് കയറാൻ ഉതകുന്നതാണ് ഒന്നാം ക്ലാസിലെ പുതിയ പാഠപുസ്തകം. കുട്ടികളുടെ താല്പര്യത്തെയും ആസ്വാദനശേഷിയെയും ഉണർത്തി ഭാഷാശേഷി വികസിപ്പിക്കാൻ കഴിവിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് പുതിയ പുസ്തകത്തിലുള്ളത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതകളുമായ വിവിധ പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

# ഒന്നാം ടേം.

## പ്രവർത്തനങ്ങൾ

- പാട്ടരങ്ങ്
- സംയുക്ത ഡയറി
- വായനോത്സവം
- ശാസ്ത്ര പരീക്ഷണങ്ങൾ
- നിർമ്മാണ ശില്പശാല
- ഗണിതോത്സവം

# രണ്ടാം ടേം.

- ചാന്ദ്രോത്സവം
- പാട്ടരങ്ങ്
- സംയുക്ത ഡയറി
- വായനോത്സവം
- ശാസ്ത്ര പരീക്ഷണങ്ങൾ
- നിർമ്മാണ ശില്പശാല
- ഗണിതോത്സവം.

# മൂന്നാം ടേം.

- ക്ലാസ് ലൈബ്രറി
- പാട്ടരങ്ങ്
- സ്വതന്ത്ര രചനാ പതിപ്പ്
- സംയുക്ത ഡയറി പ്രകാശനം
- പഠനോത്സവം
- ഗണിതോത്സവം
- ശാസ്ത്ര പരീക്ഷണങ്ങൾ

## 1. പാട്ടരങ്ങ്.

ഒന്നാം ക്ലാസിൽ സർഗാത്മക കൂട്ടായ്മ അദ്ധ്യാപികമാരുടെ കൂട്ടത്തിൽ പാട്ടിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. വൈവിധ്യമാർന്ന പാട്ടുകൾ പല പാഠപുസ്തകങ്ങളിലും ഇവ ഉൾപ്പെടുത്തിയിരുന്നു കുട്ടികളെ അവതരിപ്പിക്കുന്നതിനും പാട്ട് അവസരമൊരുക്കുന്നു. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണിത്

### ലക്ഷ്യങ്ങൾ (കലാവിദ്യാഭ്യാസം.)

1. പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ അഭിനയമായി അവതരിപ്പിക്കുന്നു.
2. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ശരി ചൊല്ലുന്നു.
3. താളവൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു
4. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വന്തമായി ചൊല്ലുന്നു
5. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
6. താളത്തോട് ചേർന്ന് നിന്നു കൊണ്ട് പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവ് നേടുന്നു.

## ഭാഷ.

1. ബാലകവിതകളും കുട്ടിപ്പാട്ടുകളും ഭാവം വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു
2. ലളിതമായ കവിതകളും പാട്ടുകളും അസ്വാദ്യതയോടെ ചൊല്ലി അവതരിപ്പിക്കുന്നു.
3. വാർത്തകൾ, നാടൻപാട്ടുകൾ തുടങ്ങിയവ കേൾക്കാം താളമായും ചൊല്ലാനും വാർത്തകൾക്കും താളത്തിനുമൊപ്പിച്ച് ചുവട് വയ്ക്കാനും ചലിക്കാനുമുള്ള കഴിവ് നേടുന്നു

## പാട്ടരങ്ങ് പ്രവർത്തനങ്ങൾ

**ജൂൺ :-**

1. കുട്ടികൾ അറിയാവുന്ന പാട്ടുകൾ ചൊല്ലുന്നു. ടീച്ചർ പാട്ട് ചൊല്ലുന്നു
2. ടീച്ചർ പാടുന്ന പാട്ടിനൊപ്പം താളം വച്ച് ചുവട് വച്ച് കൂട്ടമായി പാടുന്നു
3. ടി.വി യിലെ പാട്ടുകൾ വായ്ത്താരി ചേർത്ത് ചൊല്ലുന്നു.
4. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ ടീച്ചറും കുട്ടികളും ചേർന്ന് ചൊല്ലുന്നു.
5. സർഗ്ഗവേള, അസംബ്ലി ഇവയിൽ കുട്ടികൾ അവതരിപ്പിക്കേണ്ട പാട്ട് ദിവസം കുട്ടിയും ടീച്ചറും ചേർന്ന് പാടുന്നു.
6. ജൂൺ മാസത്തിലെ class PTA-യിൽ കുട്ടികൾ പഠിച്ച ഏതെങ്കിലും ഒരു പാട്ട് അവതരിപ്പിച്ചിരുന്നു.

**ജൂലൈ :-**

1. ജൂൺ മാസത്തിലെ പ്രവർത്തനങ്ങൾ തുടരുന്നു.
2. രണ്ടാം യൂണിറ്റിലെ പാട്ടുകൾ പരിചയിക്കുന്നു.

അരങ്ങ്:-

1. ഒന്നാം ദിവസത്തെ പാട്ടരങ്ങ് നടക്കുന്നു
2. കുട്ടികൾ പാടുന്നു
3. സ്ത്രീകളും കുട്ടികളും ചേർന്ന് പാടുന്നു
4. രക്ഷിതാക്കളും കുട്ടികളും ചേർന്ന് പാടുന്നു.
5. പഠിച്ച പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾക്ക് പ്രാധാന്യം നൽകുന്നു
6. ഓണാഘോഷവുമായി ബന്ധപ്പെട്ട് പാട്ടുപാട്ടുകളും പഴയ ഓണപ്പാട്ടുകളുടെ അവതരണം നടക്കുന്നു.

രണ്ടാം ദിവസവും മൂന്നാം ദിവസവും മത്സരങ്ങൾ നടക്കുന്നു. പാട്ടരങ്ങ് രണ്ട് ദിവസത്തിന്റെയും അവസാനം നടക്കുന്നു.

വർഷാവസാനം പഠനോത്സവത്തിൽ പാട്ടരങ്ങ് തനിയായി അവതരിപ്പിക്കുന്നു.

## സംയുക്ത ഡയറി.

### ലക്ഷ്യങ്ങൾ :-

1. കുട്ടികളുടെ സ്വതന്ത്രവായനാശേഷി വികസിപ്പിക്കുക
2. കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും അറിവുകളും പ്രതിദിനം ചിട്ടയോടെ സ്വന്തം വാക്യങ്ങളിൽ രേഖപ്പെടുത്തുന്നു.
3.

### പ്രവർത്തനങ്ങൾ :-

**ജൂൺ :-**

- Class PTA യിൽ സംയുക്തഡയറി ചർച്ച ചെയ്യപ്പെടുന്നു.
- മുൻവർഷത്തെ ഡയറികൾ പരിചയപ്പെടുത്തുന്നു.
- മുൻവർഷത്തെ കുട്ടികളുടെയും രക്ഷിതാക്കളുടെയും അനുഭവം പങ്കുവയ്ക്കൽ

**ജൂലൈ :-**

- അമ്മയും കുഞ്ഞും ചേർന്ന് സംയുക്ത ഡയറി എഴുതുന്നു.
- മെച്ചപ്പെട്ട ഡയറിക്കുറിപ്പുകൾ whatsapp-ൽ പങ്കിടുന്നു.

**ആഗസ്റ്റ് :-**

- പ്രവർത്തനം തുടരുന്നു.
- Class PTA യിൽ രക്ഷിതാക്കളുടെ പരിശോധന

രണ്ടാം ടേമിലും മൂന്നാം ടേമിലും പ്രവർത്തനം തുടരുന്നു. ഓരോ ടേമിന്റെയും അവസാനം School PTA യിൽ ഡയറി പ്രകാശനം, ഡയറിയുടെ ചർച്ച, രക്ഷകർത്താക്കളുടെ അനുഭവം പങ്കിടൽ

മൂന്നാം ടേം അന്ത്യം സംയുക്ത ഡയറി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നു. (മാർച്ച്)

## 3. വായനോത്സവം

**ലക്ഷ്യങ്ങൾ :-**

1. ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.
2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
3. വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണ ശേഷി വികസിപ്പിക്കുക.
4. അനൗപചാരിക വായന, ആസ്വാദ്യവായന

### പ്രവർത്തനങ്ങൾ

**ക്ലാസ്:-**

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ

പറയുന്നു.

- വായിച്ച കഥയിലെ ഇഷ്ടകഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു.
- Class PTA യിൽ രണ്ടാം ഘട്ട വായന രക്ഷിതാക്കളെ പരിചയപ്പെടുത്തുന്നു.

**ജൂലൈ:-**

- കഥ പുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി ഊഹിച്ച് കഥ പറയുന്നു.
- അമ്മ വായിക്കുന്ന കഥ കുട്ടി സംഭവങ്ങൾ ഓർക്കുന്നു.
- ആശയച്ചോർച്ച ഇല്ലാതെ കുട്ടി കഥ അവതരിപ്പിക്കുന്നു.

**ആഗസ്റ്റ്:-**

- കഥോത്സവം - ഒന്നാം ടേം.

**സെപ്റ്റംബർ:-**

- പുസ്തകം നോക്കി കുട്ടിതനിയെ വായിക്കാൻ ശ്രമിക്കുന്നു.
- കഥയുടെ അംശം കുട്ടി തനിയെ വായിച്ച് പറയുന്നു.

**ഒക്ടോബർ:-**

- Class PTA യിൽ കുട്ടി തനിയെ വായിക്കുന്നു.

**നവംബർ:-**

- കുട്ടനാടൻ - ക്ലാസിക് നൽകുന്ന രുചിക്ക് ഇവിടെ കൂടാതെ പാരമ്പര്യം പാലിച്ച് വരികുന്നു.

**കഥോത്സവം:-** ഒന്നാം ഘട്ടം

ചില കഥകൾ നൽകുന്നു. ഇവിടെ തങ്ങൾക്കുവേണ്ടി അനുവദിച്ച് ചിത്രം നോക്കി കഥ പറയുന്നു. ഇവിടെ അവതരിപ്പിക്കുന്നു ഇവിടെ നിർമ്മിച്ച കഥകളുടെ പതിപ്പ് പ്രകാശനം.

**നവംബർ :-**

- കുട്ടികളെ - ക്ലാസിൽ നൽകുന്ന ബുക്ക് കുട്ടികൾ കൂട്ടായി ഉപന്യാസം പങ്കുവെച്ച് വായിക്കുന്നു.

**കഥോത്സവം:-** ഒന്നാം ഘട്ടം

ചില കഥകൾ നൽകുന്നു. ഇതിലും തിരഞ്ഞെടുത്ത് ഒരുമിച്ച് ചിത്രം നോക്കി കഥ പറയുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു. കുട്ടികൾ നിർമ്മിച്ച കഥകളുടെ പതിപ്പ് പ്രകാശനം.

## പഠനോത്സവം.

അധ്യയനവർഷത്തിന്റെ അവസാനം നടത്തിയിരുന്ന പഠനോത്സവം എല്ലാ ടേമിലും നടത്തേണ്ടതാണ്.

## ഗണിതോത്സവം

ത്രിദിന അധ്യാപക ഗണിതശില്പ-ശാല നടത്തുന്നു. ഗണന ചിന്തയ്ക്ക് പ്രാധാന്യം കൊടുക്കണം. ELPS ൽ അധി-ഷ്ഠിതമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആണുള്ളത്. ഓരോ ടേമിലും class PTA യിൽ ഗണിതോത്സവം നടത്തുന്നു.

## റീഡേഴ്സ് തിയേറ്റർ

മൂന്നാം ടേമിന്റെ അവസാനത്ത് കുട്ടി പഠനപുരോഗതിയുടെ ഭാഗമായി റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കണം.

2025 - 26

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ്സ് - 2

# പൊതു വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. എസ്
കിടങ്ങന്നൂർ

പ്രഥമാധ്യാപികയുടെ പേര് : സുനിമോൾ. കെ. കെ

കുട്ടികളുടെ എണ്ണം : 4

പ്രത്യേക പരിഗണന
ആവശ്യമുള്ളവർ : 0

# മലയാളം

## ആമുഖം:-

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നിവയിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളുടെ സമഗ്ര ശേഷി വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നേടേണ്ടതായ നൈപുണികൾ നേടി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി മാറുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിന് അനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

- ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റില്ലാതെ, ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

- സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത രചനകൾ നടത്തുകയും ചെയ്യുക.

- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുക.

- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുക.

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തി എല്ലാ വിഭാഗത്തിലും പെടുന്ന കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA യിൽ അവതരിപ്പിച്ച് എല്ലാ പിന്തുണയും കുട്ടിക്ക് ലഭ്യമാക്കുന്നതിന് അവസരമൊരുക്കുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ

- ചിത്രകാർഡുകൾ നൽകി ഭാഷണത്തിന് അവസരം ഒരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കൽ
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ

## ആഗസ്ത്

- ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.

- വീട്ടുലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം.
- വ്യത്യസ്തവ്യവഹാരരൂപങ്ങൾ ഉണ്ടാക്കൽ

## സെപ്റ്റംബർ

- വായിച്ച കഥയെ ചിത്രങ്ങളാക്കൽ
- കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ
- ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ വാചികമായി അവതരിപ്പിക്കൽ
- പതിപ്പ് നിർമ്മാണം.

## നവംബർ

- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കുള്ള അവസരം ഒരുക്കൽ.

## ഡിസംബർ

- വിവിധ തലത്തിലുമുള്ള ഭാഷാ പ്രവർത്തനങ്ങൾ
- വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ.

## ജനുവരി

- കവിതാ പൂരണം.
- ലഘു വിവരണങ്ങൾ

## ഫെബ്രുവരി

- കുട്ടികൾ എല്ലാ മേഖലയിലുമുള്ള ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള (ഭാഷണം, ലേഖനം) പ്രവർത്തനങ്ങൾ.
- സ്വതന്ത്ര സർഗ്ഗാത്മക പ്രവർത്തനങ്ങൾ

## മാർച്ച്

- ഇൻലന്റ് മാഗസിൻ തയ്യാറാക്കൽ
- പതിപ്പ്, കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, അമ്മ വായന ചിത്രവായന എന്നിവ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ

# 2025- 2026

# അക്കാദമിക മാസ്റ്റർപ്ലാൻ

## മൂന്നാം ക്ലാസ്

# ഗണിതം :- മാസ്റ്റർ പ്ലാൻ

**ആമുഖം :-** ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗ്ഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം സാധ്യമാക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. യുക്തിചിന്ത, വിശകലനാത്മകചിന്ത, പ്രശ്നപരിഹാരം തുടങ്ങിയ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക തുടങ്ങിയ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അവ ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യുന്ന

ലക്ഷ്യമിടുന്നു

നിറം കൊടുക്കുന്നതിനുള്ള ഉപകരണങ്ങളായ സ്കെച്ച്പെൻ, ക്രയോൺ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നിറം ഭംഗിയായി കൊടുക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കേണ്ടത്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട് ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ ഉറപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഗുണന ചിഹ്നത്തോടൊപ്പം ഗുണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

## ജൂൺ - ജൂലൈ

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം

* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
* ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് ഒട്ടിച്ചെടുത്താൻ തോരണം നിർമ്മാണം, തൊപ്പി നിർമ്മാണം (A4)
* വെണ്ടക്കയിൽ പ്രിന്റിംഗ്
* ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലൈ - ആഗസ്റ്റ്

* ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല നിർമ്മിക്കേണ്ടത്.
* 1 മുതൽ 100 വരെ എഴുതിയ ടോക്കൺ
* കളിനോട്ടുകൾ

* ഓരോ നോട്ടുകളും 10 എണ്ണം വീതം
* കമ്പ്കെട്ടുകൾ
* സംഖ്യാ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം

## ആഗസ്റ്റ്, സെപ്തംബർ

* പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

## ഒക്ടോബർ

* സ്കെയിൽ നിർമ്മാണം
* കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ആഴ്

## നവംബർ, ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 4

### ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ നാലാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. ഭൗതികസാഹചര്യ കുട്ടികളിലെ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരകളിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ മികവു പുലർത്തുന്നതും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അദ്ധ്യാപകർ കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# ഭൗതിക വിവരങ്ങൾ

## നടത്തുന്ന പ്രവർത്തനങ്ങൾ

- ക്ലാസ് പി.ടി.എകൾ
- കലോത്സവം
- റീഡേഴ്സ് തിയേറ്റർ
- രചനോത്സവം
- സർഗ്ഗാത്മക ഡയറി
- ഭക്ഷ്യമേള
- ഗണിതമേള
- ശാസ്ത്രയാത്ര
- ശാസ്ത്രോത്സവം

# ലക്ഷ്യങ്ങൾ

## മലയാളം, ഇംഗ്ലീഷ്

- അക്ഷരങ്ങൾ തിരിച്ചറിയുന്നു.
- വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നു. എഴുതുന്നു.
- മലയാളം, ഇംഗ്ലീഷ് ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാവുക.
- സ്വന്തമായി അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കാൻ കഴിയുക
- വിവിധ വിഷയങ്ങളിൽ സർഗ്ഗാത്മക ശേഷി വികസിപ്പിച്ച് ആശയങ്ങൾ, രചനകൾ എന്നിവ നിർമ്മിക്കുവാൻ കഴിയുക.
- വ്യത്യസ്തമായ ആശയങ്ങൾ അവതരിപ്പിക്കുക

# ഗണിതം

- → 1 മുതൽ 10,000 വരെ എണ്ണാനും എഴുതാനും
- → ഗണിതം മധുരം - സങ്കലനവും വ്യവകലനവും ഗുണനവും ഗണിതത്തെ സമീപിക്കൽ
- → പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
- → വിവിധ ഗണിത ഉപകരണങ്ങൾ, ഉൽപ്പന്നങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ വായിക്കാനുള്ള താൽപര്യം.
- → ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക.
- → ഗണിതചിഹ്നങ്ങൾ മനസ്സിലാക്കൽ

# പരിസരപഠനം

→ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കുവാനുമുള്ള കഴിവ്

→ വിവിധ ശാസ്ത്ര ഉപകരണങ്ങൾ, വസ്തുക്കൾ നിർമ്മിക്കുവാൻ കഴിയുക.

→ വിവിധ ശാസ്ത്രപുസ്തകങ്ങൾ വായിക്കുവാനും ശേഖരിക്കുവാനും താല്പര്യം

→ വിവിധ കണ്ടുപിടിത്തങ്ങളിൽ ഏർപ്പെടാൻ കഴിയുക

→ വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയുക

→ വർഗ്ഗീകരണം.